**കേരള സർക്കാർ**

സംഗ്രഹം

ധനകാര്യവകുപ്പ്-സാമൂഹ്യ ക്ഷേമ/ക്ഷേമനിധി ബോർഡ് പെൻഷനുകൾ 2021 ജനുവരി മാസം മുതൽ പ്രാബല്യത്തിൽ പ്രതിമാസ നിരക്ക് 1500 രൂപയായി വർദ്ധിപ്പിച്ചു ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ധനകാര്യ (എസ്.എഫ്.സി. സെൽ – ബി) വകുപ്പ്**

**സ. ഉ (എം എസ് )നം.3/2021/FIN** **തീയതി ,തിരുവനന്തപുരം,05.01.2021**

പരാമർശം:- 1. സ.ഉ (അച്ചടി ) നം.118/2020/ധന തീയതി 06.09.2020

**ഉത്തരവ്**

സർക്കാരിന്റെ 100 ദിന കർമ്മ പരിപാടിയിൽ ഉകൾപ്പെടുത്തി എല്ലാ സാമൂഹ്യ സുരക്ഷാ പെൻഷനുകളും, സർക്കാർ സഹായത്തോടെ ക്ഷേമനിധി പെൻഷൻ വിതരണം ചെയ്യുന്ന ക്ഷേമനിധി ബോർഡുകളുടെ പെൻഷനുകളും 100 രൂപ വർദ്ധനവ് വരുത്തണമെന്ന് നിർദ്ദേശിച്ചിരിക്കുന്നു .

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും നിലവിൽ 1400 രൂപ നിരക്കിൽ സാമൂഹ്യ ക്ഷേമ / ക്ഷേമനിധി ബോർഡ് പെൻഷനുകൾ വാങ്ങിവന്നിരുന്ന ഗുണഭോക്താക്കളുടെ പെൻഷൻ 100 രൂപ വർദ്ധനവ് വരുത്തി പ്രതിമാസ നിരക്ക് 1500 രൂപയായി (ആയിരത്തി അഞ്ഞൂറ് രൂപ മാത്രം ) 2021 ജനുവരി മാസം മുതൽ പ്രാബല്യത്തിൽ വർദ്ധിപ്പിച്ചു ഉത്തരവാകുന്നു .

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
**സുരേഷ് കുമാർ ഒ .ബി**
**ഡെപ്യൂട്ടി സെക്രട്ടറി (ധനകാര്യം)**

പകർപ്പ്:

അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് I I ), കേരള, തിരുവനന്തപുരം
മാനേജിംഗ് ഡയറക്ടർ, കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡ്
എല്ലാ ക്ഷേമ നിധി ബോർഡ് ചീഫ്എക്സിക്യൂട്ടീവ് ഓഫീസർമാർക്കും
പഞ്ചായത് ഡയറക്ടർ , തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ , തിരുവനന്തപുരം
സഹകരണ സംഘം രജിസ്ട്രാർ , തിരുവനന്തപുരം
എല്ലാ ഗ്രമ പഞ്ചായത്തുകൾക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന )
എല്ലാ മുനിസിപ്പാലിറ്റികൾക്കും മുൻസിപ്പൽ കോർപ്പറേഷനുകൾക്കും (നഗരകാര്യാ ഡയറക്ടർ മുഖേന )
ഇൻഫർമേഷൻ ഓഫീസർ , വെബ് & ന്യൂ മീഡിയ വിഭാഗം,
വിവര പൊതുജന സമ്പർക്ക വകുപ്പ്.
നോഡൽ ഓഫീസർ , ധനകാര്യ വകുപ്പ്( (www.finance.kerala.gov.in)
കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്
(ഫയൽ നം. E-1565851/എസ്.എഫ്.സി.ബി3/20/ധന)

ഉത്തരവിൻ പ്രകാരം

അസിസ്റ്റന്റ് സെക്ഷൻ ഓഫീസർ